**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭവന നിർമ്മാണം - ഹഡ്കോ വായ്പ- തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയുടെ/കൗൺസിലിന്റെ തീരുമാനം രേഖപ്പെടുത്തേണ്ട മാതൃക ഫോറം -അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ(എം.എസ്)നം. 2278 /തസ്വഭവ                    തിരുവനന്തപുരം, തീയതി, 18.08.2018

---

പരാമർശം:-1. സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്)നം.68/2018/ത.സ്വ.ഭ.വ തീയതി 18.05.18.

2. 02.05.2018- ലെ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 3.6.

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11.06.2018 തീയതിയിലെ ലൈഫ്/എൽ.എഫ്.2/1652/2018നം.കുറിപ്പ്.

## ഉത്തരവ്

ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 4000 കോടി രൂപ HUDCO-യിൽ നിന്നും KURDFC മുഖേന വായ്പയെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം വായ്പയുടെ മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് HUDCO-യ്ക്ക് നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

2. KURDFC മുഖേന വായ്പയായി ലഭ്യമാക്കുന്ന തുകയുടെ തിരിച്ചടവിനായി , തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ 20% ത്തിൽ കവിയാതെയുള്ള തുക, 2019-20 മുതൽ പരമാവധി 15 വർഷം കൊണ്ട് ഉറവിടത്തിൽ നിന്ന് കുറവു ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് സമ്മതമാണെന്നുള്ള ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയുടെ/കൗൺസിലിന്റെ തീരുമാനം ആവശ്യമാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണ സമിതിയുടെ/കൗൺസിലിന്റെ തീരുമാനം രേഖപ്പെടുത്തുന്നതിനായി, അനുബന്ധമായി ചേർക്കുന്ന മാതൃക ഫോറങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത മാതൃകാ ഫോറത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൗൺസിൽ/കമ്മിറ്റി തീരുമാനം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത്ഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത്പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും (ഗ്രാമ വികസനകമ്മീഷണർ മുഖാന്തിരം)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്മാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത്ഡയറക്ടർ മുഖാന്തിരം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.
ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.
സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ
സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

2604505/2018/LSGD(OS)

കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment
ലൈഫ് മിഷൻ കാര്യാലയം, റൂം നമ്പർ 601 സി, അനക്സ് 1, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
ഫോൺ : 0471 –2518274, Website : www.lifemission.lsgkerala.gov.in, E-mail : lifemissionkerala@gmail.com

**ഗ്രാമപഞ്ചായത്തിന് മാത്രം**

**ലൈഫ് –സമ്പൂർണ്ണ പാർപ്പിട പദ്ധതി**

**വായ്പയെടുക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം രേഖപ്പെടുത്തേണ്ടതിന്റെ മാതൃക**

.....................................................................ഗ്രാമ പഞ്ചായത്ത്

..................തീയതിയിൽ നടന്ന സാധാരണ/അടിയന്തിര മീറ്റിംഗിലെ .........നമ്പർ തീരുമാനം

അജണ്ട: ലൈഫ് മിഷൻ ഭവന പദ്ധതി നടത്തിപ്പിന് ലൈഫ് മിഷൻ മുഖേന വായ്പയെടുക്കുന്നതിനും വികസന ഫണ്ടിൽ നിന്നും തിരിച്ചടക്കുന്നതും സംബന്ധിച്ച് :

**തീരുമാനം :** ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിനായി ലൈഫ് മിഷൻ മുഖേന വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തുന്നതിനും, 2019-2020 മുതൽ പതിനഞ്ച് വർഷങ്ങളിലായി ലഭിക്കുന്ന വികസന ഫണ്ടിൽ നിന്നും ടി വായ്പയുടെ മുതൽ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ചും യോഗം ചർച്ച ചെയ്തു.

ഭൂമിയുള്ള ഭവന രഹിതരുടെ അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണവും വായ്പയായി കണ്ടെത്തേണ്ട തുകയും ചുവടെ നൽകുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | | | | ആകെ ആവശ്യമായ തുക | 2018-19-ൽ ത്രിതല പഞ്ചായത്തുകളുടെ വിഹിതമുൾപ്പെടെ ആകെ ലഭ്യമാകുന്ന തുക | വായ്പയായി കണ്ടെത്തേണ്ട തുക (5-6) |
| പൊതു വിഭാഗം (4 ലക്ഷം) | പട്ടിക ജാതി (4 ലക്ഷം) | പട്ടിക വർഗം* (4/6 ലക്ഷം ) | ആകെ | | | |
| | | | | | | |

*പട്ടികവർഗ സങ്കേതങ്ങളിൽ താമസിക്കുന്ന ഗുണഭോക്താവാണെങ്കിൽ 6 ലക്ഷം

ലൈഫ് മിഷൻ പദ്ധതിയിൽ കണ്ടെത്തിയ ഭൂമിയുള്ള ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് 2018-19-ൽ തന്നെ മുഴുവൻ ധനസഹായവും ലഭ്യമാക്കുന്നതിനായി/ധന സമാഹരണം നടത്തുന്നതിനായി KURDFC/ലൈഫ് മിഷനെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഇത്തരത്തിൽ KURDFC/ലൈഫ് മിഷൻ ലഭ്യമാക്കുന്ന മുതൽ തുകയുടെ തിരിച്ചടവിനായി ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിന്റെ 20%-ത്തിൽ കവിയാതെയുള്ള തുക 2019-2020 മുതൽ, പരമാവധി 15 വർഷം കൊണ്ട് ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താനും തീരുമാനിച്ചു.

**(ഒപ്പ്)**

**പ്രസിഡന്റ്**

**ശരിപകർപ്പ്**
**(ഒപ്പ്)**
**സെക്രട്ടറി**

**(ഓഫീസ് സീൽ)**

2604505/2018/LSGD(OS)

കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment
ലൈഫ് മിഷൻ കാര്യാലയം, റൂം നമ്പർ 501 സി, അനക്സ് 1, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
ഫോൺ : 0471 -2518274, Website : www.lifemission.lsgkerala.gov.in, E-mail : lifemissionkerala@gmail.com

**നഗരസഭകൾക്ക് മാത്രം**

(ലൈഫ് –സമ്പൂർണ്ണ പാർപ്പിട പദ്ധതി

വായ്പയെടുക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം രേഖപ്പെടുത്തേണ്ടതിന്റെ മാതൃക

.......................................................................നഗരസഭ

..................തീയതിയിൽ നടന്ന സാധാരണ/അടിയന്തിര മീറ്റിംഗിലെ .........നമ്പർ തീരുമാനം

അജണ്ട: ലൈഫ് മിഷൻ ഭവന പദ്ധതി നടത്തിപ്പിന് ലൈഫ് മിഷൻ മുഖേന വായ്പയെടുക്കുന്നതിനും വികസന ഫണ്ടിൽ നിന്നും തിരിച്ചടക്കുന്നതും സംബന്ധിച്ച് :

തീരുമാനം : PMAY-LIFE പദ്ധതിയിൽ കണ്ടെത്തിയ ഭൂമിയുള്ള ഭവനരഹിതർക്ക് 2018-19-ൽ തന്നെ മുഴുവൻ ധനസഹായവും നൽകുന്നതിന് ആവശ്യമായ നഗരസഭാ വിഹിതം കണ്ടെത്തുന്ന വിഷയം ചർച്ച ചെയ്തു.

PMAY-LIFE പദ്ധതിയിൽ, ഭൂമിയുള്ള ഭവന രഹിതർക്കായി കണ്ടെത്തിയിട്ടുള്ള .................ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി ..........................രൂപ നഗരസഭാ വിഹിതമായി ആവശ്യമായി വരുമെന്നും ആയതിൽ നിലവിൽ .................രൂപ നഗരസഭ വിഹിതമായി കണ്ടെത്തിയിട്ടുണ്ട് എന്നും ................രൂപയുടെ കുറവുണ്ട് എന്നും കൗൺസിൽ വിലയിരുത്തി.

കുറവ് വരുന്ന തുകയായ..........................രൂപ കണ്ടെത്തുന്നതിന് യോഗം KURDFC-യെ/ലൈഫ് മിഷനെ ചുമതലപ്പെടുത്തി. വായ്പയായി ധനസമാഹരണം നടത്തി KURDFC/ലൈഫ് മിഷൻ മുഖേന ലഭ്യമാക്കുന്ന തുകയുടെ തിരിച്ചടവ്, നഗരസഭയുടെ 2019-20 മുതലുള്ള വികസന ഫണ്ടിൽ നിന്നും, 20% കവിയാത്ത തുക ഉറവിടത്തിൽ നിന്നും കുറവ് ചെയ്യുന്നതിന് സർക്കാരിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(ഒപ്പ്)

ചെയർപേഴ്സൺ

ശരിപകർപ്പ്

(ഒപ്പ്)

സെക്രട്ടറിയുടെ മുദ്ര

(ഓഫീസ് സീൽ)

കേരള സർക്കാർ
ലൈഫ് മിഷൻ
Livelihood Inclusion and Financial Empowerment
ലൈഫ് മിഷൻ കാര്യാലയം, റൂം നമ്പർ 501 സി, അനക്സ് 1, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ഫോൺ : 0471 –2518274, Website : www.lifemission.lsgkerala.gov.in, E-mail : lifemissionkerala@gmail.com

**ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് മാത്രം**

(ലൈഫ് –സമ്പൂർണ്ണ പാർപ്പിട പദ്ധതി

വായ്പയെടുക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം രേഖപ്പെടുത്തേണ്ടതിന്റെ മാതൃക

...................................................................ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്

.....................തീയതിയിൽ നടന്ന സാധാരണ/അടിയന്തിര മീറ്റിംഗിലെ .........നമ്പർ തീരുമാനം

അജണ്ട: ലൈഫ് മിഷൻ ഭവന പദ്ധതി നടത്തിപ്പിന് ലൈഫ് മിഷൻ മുഖേന വായ്പയെടുക്കുന്നതിനും വികസന ഫണ്ടിൽ നിന്നും തിരിച്ചടക്കുന്നതും സംബന്ധിച്ച് :

തീരുമാനം : ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിനായി ലൈഫ് മിഷൻ മുഖേന ഹഡ്കോയിൽ നിന്നും മറ്റ് ബാങ്കുകളിൽ നിന്നും ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് വായ്പ ലഭ്യമാക്കുന്നതും, 2019-2020 മുതൽ പതിനഞ്ച് വർഷങ്ങളിലായി ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന് ലഭിക്കുന്ന വികസന ഫണ്ടിൽ നിന്നും ടി വായ്പ തുക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ചും യോഗം ചർച്ച ചെയ്തു.

PMAY(ഗ്രാമീൺ)/ലൈഫ് ഗുണഭോക്താക്കൾക്ക് നല്കാൻ വായ്പയായി കണ്ടെത്തേണ്ട തുക KURDFC/ലൈഫ് മിഷൻ മുഖേന വായ്പയായി സമാഹരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനും ടി വായ്പാ തുകയുടെ മുതൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന് ലഭിക്കുന്ന വികസന ഫണ്ടിന്റെ 20%-ത്തിൽ അധികരിക്കാത്ത തുക 2019-20 മുതൽ, 15 വർഷത്തിൽ കവിയാതെ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)

പ്രസിഡന്റ്

ശരിപകർപ്പ്

(ഒപ്പ്)

സെക്രട്ടറി

(ഓഫീസ് സീൽ)